**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1423** **11-09-2023 - ൽ മറുപടിയ്ക്ക്**

**ഒരു പഞ്ചായത്തിൽ ഒരു വിനോദസഞ്ചാര കേന്ദ്രം വികസിപ്പിക്കുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ഒരു പഞ്ചായത്തിൽ ഒരു വിനോദസഞ്ചാര കേന്ദ്രം വികസിപ്പിക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | **ടൂറിസം സാധ്യതയുള്ള വിവിധ സ്ഥലങ്ങളെ ടൂറിസം ഡെസ്റ്റിനേഷനുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി വിനോദസഞ്ചാര വകുപ്പ് ആവിഷ്കരിച്ച പുതിയ പദ്ധതിയാണ് "ഡെസ്റ്റിനേഷൻ ചലഞ്ച്". 08.06.2022 ന സംസ്ഥാനതല ഉദ്ഘാടനം നടന്ന ഈ പദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും നേതൃത്വത്തോടെയും തദ്ദേശീയമായ വിനോദസഞ്ചാര സാധ്യതകളുള്ള ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ച് ടൂറിസം വികസനം വിപുലമാക്കാനാണ് ഉദ്ദേശിക്കുന്നത്.**<br>**ടി പദ്ധതിയിൻ കീഴിൽ തിരഞ്ഞെടുക്കപ്പെടുന്ന പ്രവൃത്തികൾക്ക് പദ്ധതി തുകയുടെ 60% (പരമാവധി 50**<br>**ലക്ഷം രൂപവരെ) വിനോദസഞ്ചാര വകുപ്പ് നൽകുന്നതാണ് ബാക്കിതുക അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്. ഇതിനായി, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ 'പദ്ധതി റിപ്പോർട്ട്' ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ പോർട്ടലിൽ നിർദ്ദിഷ്ട മാതൃകയിൽ അപ് ലോഡ് ചെയ്യേണ്ടതും വിനോദസഞ്ചാര വകുപ്പ് ആവശ്യമായ പരിശോധനകൾ നടത്തി ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ നിബന്ധനകൾക്ക് വിധേയമായി ഭരണാനുമതി നൽകുന്നതുമാണ്.**<br><br>**27.07.2023 ലെ സ.ഉ.(സാധാ) നം. 371/2023/TSM നമ്പർ ഉത്തരവ് പ്രകാരം ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ വിനോദസഞ്ചാര വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും ഫണ്ടിനൊപ്പം എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ട് കൂടി വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ്** |

| | | | |
|---|---|---|---|
| | | | പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ 33 പഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | നിലവിൽ എത്ര പഞ്ചായത്തുയകളിൽ പ്രസ്തുത പദ്ധതി നടപ്പിലായിട്ടുണ്ട്; അറിയിക്കുമോ; | (ബി) | ടൂറിസം സാധ്യതയുള്ള വിവിധ സ്ഥലങ്ങളെ ടൂറിസം ഡെസ്റ്റിനേഷനുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി വിനോദസഞ്ചാര വകുപ്പ് ആവിഷ്കരിച്ച പുതിയ പദ്ധതിയാണ് "ഡെസ്റ്റിനേഷൻ ചലഞ്ച്". 08.06.2022 ന് സംസ്ഥാനതല ഉദ്ഘാടനം നടന്ന ഈ പദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും നേതൃത്വത്തോടെയും തദ്ദേശീയമായ വിനോദസഞ്ചാര സാധ്യതകളുള്ള ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ച് ടൂറിസം വികസനം വിപുലമാക്കാനാണ് ഉദ്ദേശിക്കുന്നത്.<br>ടി പദ്ധതിയിൻ കീഴിൽ തിരഞ്ഞെടുക്കപ്പെടുന്ന പ്രവൃത്തികൾക്ക് പദ്ധതി തുകയുടെ 60% (പരമാവധി 50<br>ലക്ഷം രൂപവരെ) വിനോദസഞ്ചാര വകുപ്പ് നൽകുന്നതാണ് ബാക്കിതുക അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്. ഇതിനായി, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ 'പദ്ധതി റിപ്പോർട്ട്' ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ പോർട്ടലിൽ നിർദ്ദിഷ്ട മാതൃകയിൽ അപ് ലോഡ് ചെയ്യേണ്ടതും വിനോദസഞ്ചാര വകുപ്പ് ആവശ്യമായ പരിശോധനകൾ നടത്തി ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ നിബന്ധനകൾക്ക് വിധേയമായി ഭരണാനുമതി നൽകുന്നതുമാണ്.<br><br>27.07.2023 ലെ സ.ഉ.(സാധാ) നം. 371/2023/TSM നമ്പർ ഉത്തരവ് പ്രകാരം ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ വിനോദസഞ്ചാര വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും ഫണ്ടിനൊപ്പം എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ട് കൂടി വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ 33 പഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഏറനാട് മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | നാളിതുവരെയായി ഏറനാട് മണ്ഡലത്തിൽ നിന്നും അപേക്ഷകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. |
| (ഡി) | പ്രസ്തുത അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ഡി) | നാളിതുവരെയായി ഏറനാട് മണ്ഡലത്തിൽ നിന്നും അപേക്ഷകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ